**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6517 — 08.11.2016 ൽ മറുപടിക്ക്

## ഡയാലിസിസ് സൊസൈറ്റിക്ക് മരുന്നുകൾ

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | LSGD-DD2/296/2015 തീയതി 1.8.15 എന്ന കത്ത് പ്രകാരം ഓപ്പൺ ടെണ്ടർ വഴിയോ, സപ്ലൈക്കോ മെഡിക്കൽ സ്റ്റോറുകൾ വഴിയോ മരുന്നുകൾ വാങ്ങുന്നതിനും ,പ്രസ്തുത മരുന്നുകൾ കൊണ്ടോട്ടി സാമൂഹിക ആരോഗ്യ കേന്ദ്രം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഡയാലിസിസ് സൊസൈറ്റിക്ക് കൈമാറുന്നതിനും, കൊണ്ടോട്ടി സാമൂഹിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറെ സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായോ; | (എ) | ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര രൂപയുടെ മരുന്നുകൾ മെഡിക്കൽ ഓഫീസർ വാങ്ങി,ഡയാലിസിസ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ബി) | പ്രസ്തുത ഉത്തരവിന്മേൽ മരുന്നുകൾ ഒന്നും മെഡിക്കൽ ഓഫീസർ വാങ്ങി ഡയാലിസിസ് സൊസൈറ്റിക്ക് കൈമാറിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ മരുന്നുകൾ വാങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡയാലിസിസ് യൂണിറ്റിന് മരുന്നുകളും മറ്റ് അനുബന്ധ വസ്തുക്കളും വാങ്ങിക്കൽ സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ഓഫീസർ ഓഡിറ്റ് എൻക്വയറി നമ്പർ 7/2015 തീയതി 19.02.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കൈമാറി കിട്ടിയ ഒരു സ്ഥാപനത്തിൽ പൊതു ഫണ്ട് വിനിയോഗിച്ചു ആർജ്ജിച്ച ആസ്തി ഇത്തരം സൊസൈറ്റികൾക്ക് ഏൽപ്പിക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥയില്ല എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br><br>തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഫണ്ടുമായി ബന്ധപ്പെട്ട ഇത്തരം ഒരു റിപ്പോർട്ട് നിലനിൽക്കുമ്പോൾ തദ്ദേശ സ്വയം ഭരണ വകുപ്പ് ഫണ്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ആ ഫണ്ടിൽ നിന്നും മരുന്നും മറ്റും വാങ്ങി സൊസൈറ്റിക്ക് നൽകാൻ വ്യവസ്ഥയില്ല. |

| | | | |
|---|---|---|---|
| (ഡി) | നിർധനരായ വൃക്കരോഗികൾക്ക് സൗജന്യമായി ലഭിക്കേണ്ട മരുന്നുകൾ ലഭിക്കാതെ പോയ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ച്, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് നിലനിൽക്കുന്നതിനാൽ മരുന്നുകൾ വാങ്ങുവാൻ നിർവ്വാഹമില്ലാത്തതിനാലാണ് പ്രസ്തുത പദ്ധതി ചെയ്യാതിരുന്നത്. മരുന്നുകൾ ലഭിക്കാത്തത് സംബന്ധിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ